LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ഒഴിവുകൾ

98 (1127) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ ;

(ബി) ഇതിൽ കായികാദ്ധ്യാപകരുടെ ഒഴിവുകൾ എത്ര ;

(സി) യോഗ്യത ഇല്ലാത്തവരെ കായികാദ്ധ്യാപകരായി ഏതെങ്കിലും സ്കൂളുകളിൽ നിയമിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) അദ്ധ്യാപക ബാങ്കിൽനിന്നും മുമ്പ് ഭാഷാദ്ധ്യാപകരെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരായി നിയമിച്ചിരുന്നോ ; ഇവർ ഇപ്പോഴും തുടരുന്നുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി&ഡി) 2014-15 വർഷത്തെ തസ്തിക നിർണ്ണയംമൂലം അധികമായി കണ്ടെത്തിയിട്ടുള്ള സർക്കാർ സ്കൂൾ അദ്ധ്യാപകരെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ അനുശാസിക്കുംപ്രകാരം എസ്.എസ്.എ.വഴി പാർട്ട്ടൈം ഇൻസ്ട്രക്ടർമാരായി നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. കേന്ദ്ര സർക്കാരിൽനിന്നും ഇതിലേയ്ക്കായി അനുവദിച്ച തുക വിനിയോഗിച്ച് ടി അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിനും തികച്ചും താൽക്കാലിക അടിസ്ഥാനത്തിൽ അധികമായി കണ്ടെത്തിയ അധ്യാപകരെ പുനർവിന്യസിക്കുന്നതിനും ആണ് നടപടികൾ സ്വീകരിച്ചിരുന്നത്. എന്നാൽ മറ്റ് അദ്ധ്യാപകരെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരായി നിയമിക്കുന്നതിനെതിരെ പ്രതിഷേധം ഉണ്ടായതിനെ തുടർന്ന് ഈ നടപടി പിൻവലിക്കുകയുണ്ടായി.

പാഠപുസ്തകങ്ങളുടെ വിതരണം

99 (1128) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വിവിധ ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയായിക്കഴിഞ്ഞോ ; ഇല്ലെങ്കിൽ സ്കൂൾ തുറക്കുമ്പോൾ തന്നെ വിതരണം പൂർണ്ണമായും നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?